ALL INDIA RADIO THIRUVANANTHAPURAM
ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ
TIME: 12.30 PM
DATE: 25.01.2025

## പ്രധാനവാർത്തകൾ

1. രാജ്യം 15-ാമത് ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുന്നു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും.

2. ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോയ്ക്ക് രാഷ്ട്രപതി ഭവനിൽ ആചാരപരമായ വരവേൽപ്പ് നൽകി; രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകിട്ട് രാജ്യത്തെ അഭിസംബോധന ചെയ്യും.

3. സമ്മതിദാനമെന്നത് അവകാശം മാത്രമല്ല കടമ കൂടിയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

4. പുതിയ കാലത്ത് കോടതി നടപടികൾ വേഗത്തിലാക്കാൻ സാധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തലശ്ശേരിയിൽ ജില്ലാ കോടതി സമുച്ചയം ഉദ്ഘാടനം ചെയ്തു.

5. കടുവയുടെ ആക്രമണത്തിൽ സ്ത്രീ മരിച്ച സംഭവത്തിൽ നാളെ വയനാട്ടിൽ പ്രത്യേക യോഗം ചേരുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

6. ഇന്ത്യ- ഇംഗ്ലണ്ട് ട്വന്റി-20 പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ചെന്നൈയിൽ.

========================================

RIU TVPM

ഹെഡ്‌ലൈൻ-1

## സമ്മതിദായക ദിനം-രാഷ്ട്രപതി

രാജ്യത്ത് സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പ് നടത്തുന്നതിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റേത് അഭിനന്ദനീയമായ പ്രവർത്തനമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പതിനഞ്ചാമത് ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

(വോയ്സ്)

കേന്ദ്രമന്ത്രി അർജുൻ റാം മേഘ് വാൾ, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ തുടങ്ങിയവർ പരിപാടിയിൽ സന്നിഹിതരായി. തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കുന്നതിന് സംസ്ഥാന-ജില്ല തലങ്ങളിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതി പുരസ്കാരങ്ങൾ സമ്മാനിച്ചു.

RNU TVPM

********************************

## പ്രധാനമന്ത്രി-സമ്മതിദായക ദിനം

വോട്ടവകാശം കൃത്യമായി വിനിയോഗിക്കുന്നതിനായി പൗരരെ ശാക്തീകരിക്കുന്നതിനായാണ് ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാതൃകാപരമായ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

********************************

## രാഷ്ട്രപതി-അഭിസംബോധന

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും. രാത്രി 7 മണി

മുതൽ ആകാശവാണിയുടെ എല്ലാ നിലയങ്ങളും ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും ഇത് പ്രക്ഷേപണം ചെയ്യും. ദൂരദർശന്റെ എല്ലാ ചാനലുകളിലും ഹിന്ദിയിലും ഇംഗ്ലീഷിലും സംപ്രേക്ഷണമുണ്ടാകും. ദൂരദർശന്റെ പ്രാദേശിക ചാനലുകളിൽ അതത് പ്രാദേശിക ഭാഷകളിലും സംപ്രേക്ഷണമുണ്ടാകും. ആകാശവാണിയുടെ പ്രാദേശിക ശൃംഖലകളിലും രാത്രി 9.30 മുതൽ പ്രാദേശിക ഭാഷാ പതിപ്പുകൾ പ്രക്ഷേപണം ചെയ്യും.

*******************************

ഹെഡ്‌ലൈൻ-2

## ഇന്തോനേഷ്യൻ പ്രസിഡന്റ്-ഇന്ത്യാ സന്ദർശനം

നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ രാജ്ഘട്ടിൽ മഹാത്മാഗാന്ധിയുടെ സമാധിയിൽ പുഷ്പാർച്ചന നടത്തി. രാഷ്ട്രപതി ഭവനിൽ അദ്ദേഹത്തിന് ആചാരപരമായ സ്വീകരണം നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇന്തോനേഷ്യൻ പ്രസിഡന്റും ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നാളെ കർത്തവ്യപഥിൽ നടക്കുന്ന 76-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ ഇന്തോനേഷ്യൻ പ്രസിഡന്റ് മുഖ്യാതിഥിയായി പങ്കെടുക്കും.

*******************************

ഹെഡ്‌ലൈൻ-3

## ഗവർണർ-സമ്മതിദായക ദിനം (ഇൻട്രോ)

സമ്മതിദാനമെന്നത് അവകാശം മാത്രമല്ല കടമ കൂടിയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കേരള ജനതയും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ഇത് അക്ഷീണമായി പ്രാവർത്തികമാക്കുന്നുണ്ടെന്നും അദ്ദേഹം

PNU TVPM

പറഞ്ഞു. ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കനകക്കുന്നിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് ബൈറ്റ്)

സമ്മതിദായക ദിനാഘോഷത്തിനോടനുബന്ധിച്ചുള്ള പ്രതിജ്ഞ ഗവർണർ ചൊല്ലിക്കൊടുത്തു. ദിനാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന, ജില്ല, താലൂക്ക് തലങ്ങളിൽ പൊതുപരിപാടികളും സംഘടിപ്പിച്ചു.

*******************************

മധുപാൽ-വോട്ടർദിനം (ഇൻട്രോ)

രാജ്യത്തിന്റെ ഭരണം എങ്ങനെവേണമെന്ന് ഓരോ പൗരനും തീരുമാനിക്കേണ്ടത് വോട്ടുരേഖപ്പെടുത്തികൊണ്ടുവേണമെന്ന് ചലച്ചിത്രകാരനും സാംസ്കാരിക ക്ഷേമനിധി ബോർഡ് ചെയർമാനുമായ മധുപാൽ ആകാവാണിയോട് പറഞ്ഞു.

RNU TVPM

(വോയ്സ്)

*******************************

റിപ്പബ്ലിക് ദിനം

റിപ്പബ്ലിക് ദിനാഘോഷ പരിപാടികൾക്കുള്ള ഒരുക്കങ്ങൾ സംസ്ഥാനത്ത് അന്തിമഘട്ടത്തിൽ. സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ദേശീയ പതാക ഉയർത്തും. ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിലും ആഘോഷ പരിപാടികൾ സംഘടിപ്പിക്കും. നാളെ രാവിലെ നിയമസഭാ സമുച്ചയത്തിലെ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു,

ബി.ആർ. അംബേദ്കർ, കെ.ആർ.നാരായണൻ എന്നിവരുടെ പ്രതിമകളിൽ സ്പീക്കർ എ.എൻ. ഷംസീർ പുഷ്പാർച്ചന നടത്തും. ദേശീയ പതാക ഉയർത്തിയ ശേഷം, സ്പീക്കർ വാച്ച് ആന്റ് വാർഡ് സേനയുടെ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കും.

********************************

ഹെഡ്‌ലൈൻ-4

## മുഖ്യമന്ത്രി-തലശ്ശേരി

ജനാധിപത്യ വ്യവസ്ഥയിൽ ജുഡീഷ്യറിക്ക് വലിയ പ്രാധാന്യമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പുതിയ കാലത്ത് കോടതി നടപടികൾ വേഗത്തിലാക്കാൻ സാധിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. തലശ്ശേരിയിൽ ജില്ലകോടതി സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. എട്ടര വർഷത്തിനുള്ളിൽ 105 കോടതികൾ ആരംഭിക്കുകയും 2891 തസ്തിക സൃഷ്ടിക്കുകയും ചെയ്തെന്നു മുഖ്യമന്ത്രി പറഞ്ഞു. പത്ത് കോടതികളുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ ഉദ്ഘാടനം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ നിർവഹിച്ചു. സ്പീക്കർ എ എൻ ഷംസീർ, ഹൈക്കേടതി ജഡ്ജിമാരായ എ മുഹമ്മദ് മുഷ്താഖ്, എ.കെ. ജയചന്ദ്രൻ നമ്പ്യാർ, ടി. ആർ രവി, പി.വി. കുഞ്ഞികൃഷ്ണൻ, മന്ത്രി പി.എ മുഹമ്മദ് റിയാസ്, ഷാഫി പറമ്പിൽ എം.പി. തുടങ്ങിയവർ പങ്കെടുത്തു.

PNUTVPM

********************************

## മുഖ്യമന്ത്രി-കാൻസർ സെന്റർ

കാൻസർ ബാധിതർക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുന്ന നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചു വരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാൻസർ മരുന്നുകൾ 26% മുതൽ 96% വരെ വിലക്കുറവിൽ

ലഭ്യമാക്കുന്നു. തലശ്ശേരി മലബാർ കാൻസർ സെന്ററിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

*******************************

ഹെഡ്ലൈൻ-5

**കടുവ - എ കെ ശശീന്ദ്രൻ**

കടുവയുടെ ആക്രമണത്തിൽ വയനാടിൽ സ്ത്രീ മരിച്ച സംഭവത്തിൽ നാളെ വയനാട്ടിൽ പ്രത്യേക യോഗം ചേരും. മുഖ്യ വനപാലകർ യോഗത്തിൽ പങ്കെടുക്കുമെന്നും വനം മന്ത്രി എ കെ ശശീന്ദ്രൻ കോഴിക്കോട് പറഞ്ഞു.കടുവയെ കണ്ടെത്താനുള്ള ശ്രമമാണ് നടക്കുന്നത്. യോഗത്തിൽ വന്യമൃഗപ്രശ്നവുമായി ബന്ധപ്പെട്ട കർമപദ്ധതി ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

*******************************

വയനാട്-കടുവ (ഇൻട്രോ)

RJU TVPM

വയനാട് മാനന്തവാടിയിലെ പഞ്ചാരകൊല്ലിയിൽ കടുവ കടിച്ചുകൊന്ന സ്ത്രീയുടെ സംസ്കാരം നടന്നു. അതേസമയം കടുവയെ കൊല്ലുമെന്ന് കാണിച്ചു സർക്കാർ ഇറക്കിയ ഉത്തരവിൽ അവ്യക്തത ആരോപിച്ച് പഞ്ചാര കൊല്ലിയിൽ ഡി എഫ് ഓ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ നാട്ടുകാർ തടഞ്ഞുവച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.**

(വോയിസ്)

*******************************

## യുഡിഎഫ് - മലയോര സമരം പ്രചരണം

പ്രതിപക്ഷനേതാവ് വി.ഡി സതീശൻ നയിക്കുന്ന യു.ഡി.എഫ് സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്രയ്ക്ക് ഇന്ന് കണ്ണൂരിൽ തുടക്കമാവും. കണ്ണൂർ കരുവഞ്ചാലിൽ വൈകുന്നേരം എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

********************************

## സംസ്ഥാന ഭക്ഷ്യ കമ്മീഷൻ

കേരളത്തിൽ തിങ്കളാഴ്ച മുതൽ റേഷൻ വ്യാപാരികൾ അനിശ്ചിതകാല സമരം പ്രഖ്യാപിച്ച സാഹചര്യത്തിൽ മുന്നറിയിപ്പുമായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ. റേഷൻ കാർഡുടമകൾക്ക് അർഹതയുള്ള ഭക്ഷ്യധാന്യ വിഹിതം ലഭ്യമാകുന്നതിന് തടസ്സമാകുന്ന പ്രവൃത്തികൾ ഗൗരവത്തോടെ കാണുമെന്നും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്നും കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

RNU TVPM

********************************

ഹെഡ്‌ലൈൻ-6

## ടി-20 ക്രിക്കറ്റ്

ഇംഗ്ലണ്ടിനെതിരായ ട്വന്റി-20 പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് ഇന്ത്യ ഇന്നിറങ്ങും. ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് 7 മണിമുതലാണ് മത്സരം. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം ആദ്യകളി ജയിച്ച് മുന്നിലാണ്.

********************************

## രഞ്ജി ട്രോഫി ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ മധ്യപ്രദേശ് ഇരുനൂറിലേറെ റൺസിന് ലീഡ് ചെയ്യുന്നു. ആദ്യ ഇന്നിംഗ്സിൽ കേരളം ഏഴ് റൺസ് ലീഡ് നേടിയെങ്കിലും രണ്ടാം ഇന്നിംങ്സ് ബാറ്റിംഗ് തുടരുന്ന മധ്യപ്രദേശ് തിരിച്ചടിക്കുകയാണ്. മൂന്നാം ദിവസമായ ഇന്ന് ഉച്ചഭക്ഷണത്തിന് പിരിഞ്ഞപ്പോൾ മധ്യപ്രദേശ് അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 228 റൺസെന്ന നിലയിലാണ്. തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്.

********************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ-ചെന്നൈയിൻ എഫ് സി പോരാട്ടം. രാത്രി 07.30 നു ഗോവ ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ കേരളം ബ്ലാസ്റ്റേഴ്സ് 2 -1 നു ഈസ്റ്റ് ബംഗാളിനോട് പരാജയപ്പെട്ടു.

********************************

## സ്വർണ്ണ വില

സ്വർണ വിലയിൽ മാറ്റമില്ല. സ്വർണം ഗ്രാമിന് 7,555 രൂപയും, പവന് 60,440 രൂപയുമായാണ് ഇന്നത്തെ വില.

*

*******************

********************************************

RNU TVPM